**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 182** **01-02-2023 - ൽ മറുപടിയ്ക്ക്**

**കാൻസർ രോഗികളുടെ ചികിത്സ ചെലവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ദിനംപ്രതി വർദ്ധിക്കുന്ന കാൻസർ രോഗികളുടെ ചികിത്സ ചെലവുകൾ ലഘൂകരിക്കാൻ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) | കാൻസർ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും കീമോ തെറാപ്പി ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകി വരുന്നുണ്ട്. ജില്ലാ ക്യാൻസർ കെയർ പദ്ധതി 24 ആശുപത്രികളിൽ ആരംഭിച്ചിട്ടുണ്ട്. ഈ ആശുപത്രികളിലൂടെ റീജിയണൽ ക്യാൻസർ സെന്ററിൽ നൽകി വരുന്ന ചികിത്സയുടെ തുടർ ചികിത്സ നൽകുന്നതിന് സാധ്യമാകുന്നതാണ്. ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ആരോഗ്യ സർവ്വെയുടെ ഭാഗമായി കണ്ടെത്തിയിട്ടുള്ള ക്യാൻസർ ലക്ഷണമുള്ള ആളുകളെ സ്ക്രീനിംഗിനു വിധേയമാക്കുന്നതിലൂടെ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനും പ്രതിരോധിക്കുന്നതിനും സാധ്യമാകുന്നു. കാൻസർ രോഗ ചികിത്സയ്ക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖേന 5 ലക്ഷം രൂപ വരെയുള്ള വാർഷിക ധനസഹായവും RBSK പദ്ധതി വഴി 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്കുള്ള ചികിത്സാ സഹായവും ലഭ്യമാക്കി വരുന്നുണ്ട്.<br><br><u>കാൻസർ ചികിത്സക്കായി സർക്കാർ തലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ</u><br><br>1. കാൻസർ സുരക്ഷാ പദ്ധതി (CSS)<br><br>2. താലോലം:<br><br>3. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ( AB-PMJAY – KASP)<br><br>4. കാരുണ്യ ബെനവലന്റ് ഫണ്ട് (KBF):<br><br>5. കോംപ്രിഹെൻസീവ് ഹെൽത്ത് സ്കീം ഫോർ ഷെഡ്യൂൾ ട്രൈബ് (ST)<br><br>6. സ്നേഹസാന്ത്വനം (എൻഡോസൾഫാൻ) |

| | | | |
|---|---|---|---|
| | | | 7. മെഡിസെപ്പ് (MEDICEP)<br>8. RSBY<br>9. RBSK<br>10. ആരോഗ്യ ഇൻഷ്വറൻസ്<br>11. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി<br>18 വയസ്സിന് താഴെയുള്ള കാൻസർ രോഗബാധിതരായവർക്ക് എ.പി.എൽ /ബി.പി.എൽ വ്യത്യാസമില്ലാതെ (ഗവൺമെന്റ് ജോലിക്കാരുടെയും റീഇമ്പേഴ്സ്മെന്റ് ഉള്ളവരുടെയും കുട്ടികൾ ഒഴികെ) മരുന്നുകളും ലാബ് പരിശോധനകളും സ്കാൻ, റേഡിയേഷൻ തുടങ്ങിയ എല്ലാ ചികിത്സകളും സൗജന്യമായി നൽകി വരുന്നു. |
| (ബി) | ജീവിതശൈലി രോഗങ്ങൾ പ്രതിരോധിക്കുന്നതിനായി പൊതുജനങ്ങളുടെ ജീവിതശൈലിയിൽ മാറ്റങ്ങൾ വരുത്തുവാൻ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ; | (ബി) | നവകേരള കർമ്മ പദ്ധതി, ആർദ്രം-2 ന്റെ ഭാഗമായി നടപ്പിലാക്കുന്ന വാർഷിക പരിശോധനാ പദ്ധതിയുടെ ഭാഗമായി ജീവിതശൈലി രോഗങ്ങൾ ഉണ്ടാകുവാൻ സാധ്യതയുള്ള ജനങ്ങളെ കണ്ടെത്തുന്നതിന് ആരോഗ്യ വകുപ്പ് ആരംഭിച്ച 'അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' എന്ന ക്യാമ്പയിൻ മുഖാന്തിരം ഏകദേശം 70 ലക്ഷത്തിലധികം ആളുകളെ പരിശോധിക്കുന്നതിന് സാധ്യമായിട്ടുണ്ട്. 'ശൈലീ' ആപ്പ് ഉപയോഗിച്ച് ജീവിതശൈലീ രോഗ രജിസ്റ്ററി പദ്ധതി 2022 മെയ് മാസത്തിൽ തുടക്കമിട്ടു. ആശ വർക്കർമാർ മുഖേന ഓരോ പഞ്ചായത്തിലും 30 വയസ്സിന് മുകളിൽ ജീവിതശൈലി രോഗമുള്ള എല്ലാവരുടെയും വിവരം ശേഖരിക്കുവാനും, ജീവിതശൈലി രോഗങ്ങൾ ഉണ്ടാകാനുള്ള കാരണം കണ്ടുപിടിച്ച് അതിനെ തരണം ചെയ്യാനുമുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇങ്ങനെ രോഗലക്ഷണമുള്ളവരെയോ രോഗം വരാൻ സാധ്യതയുള്ള ഹേതുക്കൾ (Risk factors) ഉള്ളവരെയോ പരിശോധിക്കുന്നതിലൂടെ രോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും ജനങ്ങളുടെ ജീവിതശൈലിയിൽ മാറ്റങ്ങൾ കൊണ്ട് വരുന്നതിനും സഹായകരമാകുന്നുണ്ട്. ആരോഗ്യ വകുപ്പ് നടപ്പിലാക്കാൻ പോകുന്ന healthy life campaign ലൂടെ ജനങ്ങളുടെ വ്യായാമം, ഭക്ഷണം, ലഹരിയോടുള്ള ആസക്തി, മാനസിക പിരിമുറക്കം എന്നീ ശീലങ്ങളിൽ കാതലായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനു സാധ്യമാകുന്നതാണ്. ദൃശ്യ, ശ്രാവ്യ, അച്ചടി മാധ്യമങ്ങളിലൂടെ ആരോഗ്യ വകുപ്പ് ജീവിതശൈലി രോഗങ്ങൾക്കു എതിരെയുള്ള |

ബോധവൽക്കരണ കാമ്പയിനുകൾ എല്ലാ സാമ്പത്തികവർഷവും നടപ്പിലാക്കി വരുന്നു.

കാൻസറിനെപ്പറ്റിയുള്ള അവബോധം ജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തിൽ ഊന്നൽ നൽകിക്കൊണ്ടാണ് സംസ്ഥാന ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ലാ കാൻസർ നിയന്ത്രണപദ്ധതി (DCCP- District Cancer Control Programe) സർക്കാർ ആരംഭിച്ചിട്ടുള്ളത്. ജനങ്ങളെ ബോധവാന്മാരാക്കുകയും സംശയമോ രോഗലക്ഷണമോ ഉള്ളവർക്ക് ഏറ്റവും അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ രോഗനിർണ്ണയം നടത്തുവാനുള്ള സാഹചര്യങ്ങൾ ഒരുക്കുകയുമാണ് DCCP യിലൂടെ ഉദ്ദേശിക്കുന്നത്. ജില്ലാ കാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയും സമൂഹികാരോഗ്യ കേന്ദ്രങ്ങളിലേയും ഡോക്ടർമാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും മുൻകൂർ രോഗനിർണ്ണയത്തിനും, കാൻസറിന് മുന്നോടിയായി ചികിൽസിക്കുന്നതിനും പരിശീലന പരിപാടികൾ ആർ.സി.സി സംഘടിപ്പിച്ച് വരുന്നുണ്ട്. താലൂക്ക് ആശുപത്രികളിലേയും ജില്ലാ ആശുപത്രികളിലേയും ഡോക്ടർമാർക്ക് ആരംഭദശയിലുള്ള കാൻസറുകളുടെ ചികിത്സക്കായി പരിശീലനം നടത്തുവാനുള്ള നടപടികളും നടന്ന് വരുന്നു.

ഇതിന്റെ പശ്ചാത്തലത്തിൽ ആർ.സി.സിയുടെ നേതൃത്വത്തിൽ ജില്ലാ കാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ ആശാപ്രവർത്തകർക്കുള്ള പരിശീലനം നടന്ന് കഴിഞ്ഞു . ജില്ലയിലെ കുടുബരോഗ്യ കേന്ദ്രങ്ങളിലേയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെയും ഡോക്ടർമാർക്കും എം എൽ എസ് പി (Mid Level Service Provides) മാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും പരിശീലനവും പ്രാക്ടിക്കൽ പരിശീലനവും ആർ.സി.സിയുടെ കമ്മ്യൂണിറ്റി ഓൺകോളജി വിഭാഗത്തിൽ വച്ച് നടന്ന് കൊണ്ടിരിക്കുകയാണ്. ഇതിന് പുറമേ താലൂക്ക് ആശുപത്രികളിലേയും ജില്ലാ ആശുപത്രികളിലേയും ഡോക്ടർമാർക്ക് ആരംഭദശയിലുള്ള കാൻസറുകളുടെ ചികിത്സക്കായി പരിശീലനം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേരളത്തിലെ പഠനപ്രകാരം 32 ശതമാനം സ്ത്രീകളും 29 ശതമാനം പുരുഷന്മാരും അമിതവണ്ണമുള്ളവരായി കാണപ്പെടുന്നു. കുട്ടികളിലും അമിതവണ്ണം കൂടി വരുന്നതായി കണ്ടുവരുന്നു. ; ഇതിന്റെ ഭാഗമായി

| | | | |
|---|---|---|---|
| | | | എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ജീവിതശൈലി രോഗനിർണ്ണയ ക്യാമ്പുകളും മരുന്നുവിതരണവും നടന്നുവരുന്നു. ഇത് കൂടാതെ കേരള ഗവൺമെന്റ് ഫാറ്റ് ടാക്സ്, ഫാസ്റ്റ് ഫുഡുകൾക്ക് കൂടുതൽ ടാക്സ് എന്നിവ ഈടാക്കുകയും ചെയ്തു വരുന്നു. ഇത് കൂടാതെ കേരള ന്യൂട്രീഷൻ മിഷന്റെ ഭാഗമായി സമ്പുഷ്ടകേരളം പദ്ധതിയുടെ ഭാഗമായി കുട്ടികളിൽ വളർച്ചക്കുറവും അമിത വണ്ണവും നിയന്ത്രിക്കാൻ പദ്ധതി നടത്തി വരുന്നു. |
| (സി) | കാൻസർ രോഗത്തിനുള്ള ആധുനിക തലമുറ മരുന്നുകൾ സാധാരണക്കാർക്ക് പ്രാപ്യമാകുന്ന രീതിയിൽ ലഭ്യമാക്കുന്നതിനും ചികിത്സ കേന്ദ്രങ്ങൾ അവരവരുടെ ജില്ലകളിൽ തന്നെ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | എല്ലാ ജില്ലകളിലും കീമോതെറാപ്പി ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകി വരുന്നുണ്ട്. ജില്ലാ ക്യാൻസർ കെയർ പദ്ധതി 24 ആശുപത്രികളിൽ ആരംഭിച്ചിട്ടുണ്ട്. ഈ ആശുപത്രികളിലൂടെ റിജീയണൽ ക്യാൻസർ സെന്ററിൽ നൽകി വരുന്ന ചികിത്സയുടെ തുടർ ചികിത്സ നൽകുന്നതിന് സാധ്യമാകുന്നതാണ്.<br><br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന 13 മെഡിക്കൽ കോളേജ് ആശുപത്രികളിൽ ആന്റി കാൻസർ മരുന്നുകൾ കെ.എം.എസ്.സി.എൽ മുഖേന വിതരണം ചെയ്തു വരുന്നുണ്ട്. പ്രസ്തുത ആശുപത്രികളുടെ പട്ടിക ചുവടെ ചേർക്കുന്നു.<br><br>1. ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം<br><br>2. ഗവ.മെഡിക്കൽ കോളേജ്, ആലപ്പുഴ<br><br>3. ഗവ.മെഡിക്കൽ കോളേജ്, കോട്ടയം<br><br>4. ഗവ.മെഡിക്കൽ കോളേജ്, എറണാകുളം<br><br>5. ഗവ.മെഡിക്കൽ കോളേജ്, തൃശ്ശൂർ<br><br>6. ഗവ.മെഡിക്കൽ കോളേജ്, മലപ്പുറം<br><br>7. ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട്<br><br>8. ഗവ.മെഡിക്കൽ കോളേജ്, കണ്ണൂർ<br><br>9. എസ്.എ.ടി ആശുപത്രി, തിരുവനന്തപുരം<br><br>10. ഐ.സി.എച്ച് കോട്ടയം<br><br>11. ഐ.എം.സി.എച്ച്, കോഴിക്കോട്<br><br>12. നെഞ്ച് രോഗ ആശുപത്രി, തൃശ്ശൂർ<br><br>13. നെഞ്ച് രോഗ ആശുപത്രി, കോഴിക്കോട്<br><br>മേൽപ്പറഞ്ഞ ആശുപത്രികളിൽ 2022-23 ൽ കെ.എം.എസ്.സി.എൽ മുഖേന ആന്റി കാൻസർ |

| | | | |
|---|---|---|---|
| | | | മരുന്നുകൾ വാങ്ങുന്നതിനായി 25,42,46,300/- രൂപയുടെ മരുന്നു വാങ്ങാനുള്ള അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ